# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.13/2581/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.13/2581/2022 തീയ്യതി: 05/12/2022

## മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2022 | 19-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 19-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ. പി.,ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൂസ്സ ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈഷി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷീബ പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാനുപ്പ മാസ്റ്റർ (മൊയ്തീൻ കുട്ടി കെ) | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. കെ. എസ്.അജിത്കുമാർ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി. ജ്യോതി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 04-07-2021 |
| ശ്രീമതി. ശ്രീലത എം. എസ്. | സെക്രട്ടറി | 05-07-2021 | 04-10-2021 |
| | | 01-11-2021 | 31-03-2022 |
| ശ്രീ. വിനോദ് എസ്. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2021 | 31-10-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മഞ്ജു മോഹനൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഫൈസൽ യൂസഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അഹമ്മദ് .പി | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2021 | 31-03-2022 |
| ഡോ. സജീന. കെ. .എ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ഫിബി മോൾ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. റഷീദ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീ. സോമൻ പി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീമതി. അമ്പിളി. പി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജ്യോതി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 20-07-2021 |
| ശ്രീ. വിനോദ് എസ്. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 21-07-2021 | 31-03-2022 |
| ശ്രീമതി. അംബിക പി. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിസ്ന വി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. സരീഷ് കുമാർ പി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 26-07-2021 |
| ശ്രീമതി. നന്ദിത എം. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2021 | 09-08-2021 |

| | | | |
|---|---|---|---|
| ശ്രീമതി. റീജ കെ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 10-08-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ചട്ടപ്രകാരമല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-12 |
| 13 | ഒരു ഗുണഭോക്താവിന് രണ്ട് തവണ വിവാഹ ധനസഹായം നൽകി | 1-13 |
| 14 | പൊതു മരാമത്ത് പ്രവൃത്തി അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 59928 രൂപ ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി | 1-14 |
| 15 | KSEBയിൽ ഡെപ്പോസിറ്റ് - പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 16 | GI പൈപ്പ് റി- അറേഞ്ചിങ്ങ് - അധിക നിരക്ക് നൽകി | 1-16 |
| 17 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നു | 1-17 |
| 18 | പട്ടികജാതി വിദ്യാർത്ഥി ലാപ്ടോപ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | അഗതി രഹിത കേരളം പദ്ധതി -ഭക്ഷ്യധാന്യ കിറ്റ് വിതരണ രേഖകൾ ലഭ്യമല്ല. | 1-19 |
| 20 | പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ - 3,82,769 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-20 |
| 21 | പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ (പരിരക്ഷാ പദ്ധതി) - 92,393 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-21 |
| 22 | നെൽകൃഷി വികസനം- അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-22 |
| 23 | PVC പൈപ്പിന് അധിക തുക നൽകി | 1-23 |
| 24 | വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം-രേഖകൾ ലഭ്യമാക്കിയില്ല. | 1-24 |
| 25 | അങ്കണവാടി പോഷകാഹാര പദ്ധതി-അധികം പിൻവലിച്ച് ചെലവഴിച്ച തുക ക്രമീകരിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുകയോ | 1-25 |

| | | |
|---|---|---|
| | ചെയ്യേണ്ടതാണ്. | |
| 26 | അങ്കണവാടി പോഷകാഹാര പദ്ധതി - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-26 |
| 27 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല. | 1-27 |
| 28 | സ്ഥാപനങ്ങളിലേക്ക് നാപ്കിൻ ഡിസ്പോസർ-പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് | 1-28 |
| 29 | എസ് സി വനിതകൾക്ക് പെണ്ണാട്-രേഖകൾ ലഭ്യമാക്കിയില്ല. | 1-29 |
| 30 | വാഹനവാടക നൽകിയത്- വരുമാന നികുതി കുറവ് ചെയ്തില്ല | 1-30 |
| 31 | മൊബൈൽ ടവർ -നടപടിക്രമങ്ങളിലെ കാലതാമസം മൂലം വസ്തു നികുതി ഇനത്തിൽ നഷ്ടം | 1-31 |
| 32 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത | 1-32 |
| 33 | ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 34 | എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 35 | തെരുവ് വിളക്ക് റിപ്പയർ-അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-35 |
| 36 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം-തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് | 1-36 |
| 37 | ഇലക്ഷൻ ഡെപ്പോസിറ്റ് തിരിച്ച് നൽകിയത് -വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-37 |
| 38 | രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക 42,500 രൂപ തടസ്സം ചെയ്യുന്നു | 1-38 |
| 39 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 1-39 |
| 40 | മങ്കേരി ജി.എൽ.പി.സ്കൂളിലെ ജീർണിച്ച കെട്ടിടം പൊളിച്ച് നീക്കാൻ നടത്തിയ ലേലം -നടപടിക്രമങ്ങളിലെ അപാകതകൾ | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | GI പൈപ്പ് റി- അറേഞ്ചിങ്ങ് - അധിക നിരക്ക് നൽകി | 3-1 |
| 2 | ഒരു ഗുണഭോക്താവിന് രണ്ട് തവണ വിവാഹ ധനസഹായം നൽകി | 3-2 |
| 3 | പി.വി.സി പൈപ്പിന് അധിക തുക നൽകി | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 23.2.2021ലെ 1(1) തീരുമാനം | 7.3.2022ലെ 14(2) തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 15.06.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11396090 |
| വരവ് | 120458560 |
| ആകെ | 131854650 |
| ചെലവ് | 116392134 |
| നീക്കിയിരിപ്പ് | 15462516 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16281566 | 16281566 | 15834300 | 447266 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8498334 | 8498334 | 8004295 | 494039 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Basic) | 0 | 3726732 | 3726732 | 3646445 | 80287 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 10185274 | 10185274 | 4987002 | 5198272 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14562000 | 14562000 | 5379467 | 9182533 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5939060 | 5939060 | 5384565 | 554495 |
| ബി ഫണ്ട് | 0 | 64607500 | 64607500 | 64607500 | 0 |

1-4-1 ACR പ്രകാരമുള്ള താഴെപ്പറയുന്ന ഇനങ്ങളിലെ ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

1.

| | ACR പ്രകാരമുള്ള തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| Development Fund-SCP | 8004295 | 7905628 |
| Maintenance Fund- Non Road | 5384565 | 5346849 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 224 | 128357417 | 194 | 74573348 | 30 | 86.61% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1564 | 873329 | 874893 | 859501 | 15392 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12785148 | 12785148 | 12785148 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3032000 | 219 |
| വിധവാപെൻഷൻ | 18523000 | 1225 |
| വാർദ്ധക്യകാലപെൻഷൻ | 35881800 | 2514 |
| വികലാംഗപെൻഷൻ | 5532700 | 369 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1374000 | 88 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2022 ന് 12.40 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9344 രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി ഒ (എം എസ്) 72/17 തസ്വഭവ 29.3.2017 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെട്ട അംഗങ്ങളുടെ എണ്ണവും പേര് വിവരവും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

B) വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികളുടെ പേരുകൾ രേഖപ്പെടുത്തുക എന്നതിൽ കവിഞ്ഞ് കാര്യമായ ചർച്ചകൾ നടക്കുന്നില്ല

C) പദ്ധതി നിർവഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും കാര്യക്ഷമമായി മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നില്ല.

2. വെറ്റിനറി സർജൻ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി രണ്ട് കാഷ്ബുക്കുകൾ സൂക്ഷിച്ചു വരുന്നു. സ്റ്റോക്ക് രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് നികുതി പിരിവിനായി നൽകുന്ന മാനുവൽരസീതി ബുക്കുകൾ വഴി പിരിച്ചെടുക്കുന്ന തുക

പഞ്ചായത്തിൽ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് മേൽ പരിശോധന നടത്തുന്നില്ല (രസീതി ബുക്ക് നമ്പർ-65218ൽ രസീത് നമ്പർ 1 മുതൽ 49 വരെയും രസീതി ബുക്ക് നമ്പർ-65222ൽ രസീത് നമ്പർ 1 മുതൽ 64 വരെയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.8.2022 | 01.04.2022 മുതൽ 31.7.2022 വരെ | 10.8.2022 |
| എ.ജി ഓഡിറ്റ് | 05.12.2015 മുതൽ 19.12.2015 വരെ | 2010 മുതൽ 2015 വരെ | 18.1.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)]

3.പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 80]

4.സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി വരവ് (കറന്റ്/അരിയർ എന്നിവ) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | AFS പ്രകാരം (ഷെഡ്യൂൾ RP-43). |
|---|---|---|
| വസ്തു നികുതി തൻവർഷം | 4190193 | 4174872 |
| വസ്തു നികുതി കുടിശ്ശിക | 453838 | 452961 |

5.തൊഴിൽ നികുതി ഡിമാന്റ് (Employees & Traders) രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയതിൽ ഡിമാന്റ് ആയി രേഖപ്പെടുത്തിയ തുക (239300 രൂപ ) AFSലെ തുകയുമായി (268590 രൂപ) പൊരുത്തപ്പെടുന്നില്ല (ഷെഡ്യൂൾ I-1).

6.ലൈസൻസ് ഫീസ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയതിൽ ഡിമാന്റ് ആയി രേഖപ്പെടുത്തിയ തുക (101150 രൂപ ) AFSലെ തുകയുമായി (106300 രൂപ) പൊരുത്തപ്പെടുന്നില്ല (ഷെഡ്യൂൾ-I-4).

7.AFSലെ Total Sanitation Campaign ഇനത്തിൽ ഷെഡ്യൂൾ B-4പ്രകാരമുള്ള തുക (824904) ഷെഡ്യൂൾ B-17ൽ (780547 രൂപ)നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

8.AFSലെ ഷെഡ്യൂൾ B-5 പ്രകാരം വായ്പാ ഇനത്തിൽ 4150601 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. ലോൺ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9.AFSലെ ഷെഡ്യൂൾ B-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 587252 രൂപ അവശേഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

10.AFSലെ ഷെഡ്യൂൾ B-18 പ്രകാരം അഡ്വാൻസ് ഇനത്തിൽ 3002589 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

11.തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്കിൽ ആകെ 16582057 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. Capital Contribution Ledger പ്രകാരം 3797898 രൂപയാണ് Capital Expenditure ഇനത്തിൽ ചെലവ് വന്നിട്ടുള്ളത്. ആയതിനാൽ Revenue Expenditure ഇനത്തിൽ 12784159 രൂപയാണ് ചെലവ് വരേണ്ടത്. എന്നാൽ AFSൽ ഷെഡ്യൂൾ I-6ൽ 13644649 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

12.2020-21 സാമ്പത്തിക വർഷത്തിൽ B-7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് ഇനത്തിൽ 450338രൂപ അവശേഷിക്കുന്നുണ്ട്. തൻവർഷം ഡെപ്പോസിറ്റ് ഇനത്തിൽ വരവ് 134602 രൂപയും ചെലവ് 134197 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം 450743 രൂപയാണ് തൻവർഷം ബാലൻസ് ഷീറ്റിൽ അവശേഷിക്കേണ്ടത്. എന്നാൽ 587252 രൂപയാണ്

ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

13.2020-21 സാമ്പത്തിക വർഷത്തിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന മുൻവർഷം വരെയുള്ള Accummulated Depreciation (ഷെഡ്യൂൾ B-11) ആണ് തൻവർഷത്തെ ബാലൻസ് ഷീറ്റിലും Vehicls, Public Lighting എന്നിവയ്ക്ക് രേഖപ്പെടുത്തിയിരിക്കുന്നത്.

14.ഷെഡ്യൂൾ B-4പ്രകാരമുള്ള ICDS പദ്ധതിക്കായുള്ള ഗ്രാന്റ് തുകകൾക്ക് പ്രത്യേകം ACRസൂക്ഷിച്ചിട്ടില്ല.

15.ചെലവ് പത്രിക പ്രകാരം പ്രോജക്ട് നമ്പർ 147, 149 എന്നിവ പ്രകാരം യഥാക്രമം 177385 രൂപ(വൗച്ചർ നമ്പർ – 22100593 തിയ്യതി-30.9.21 തുക-35139, വൗച്ചർ നമ്പർ-22100753 തിയ്യതി- 15.11.2021 തുക-123568, വൗച്ചർ നമ്പർ-22100896 തിയ്യതി-20.1.2022 തുക-18678), 500000 രൂപ (വൗച്ചർ നമ്പർ – 22101269, തിയ്യതി-6.11.2021 തുക-500000) തൻവർഷം KSEBയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് വേണ്ടി നിർവ്വഹണ ഏജൻസിയായ KSEB ക്ക് തുക നൽകിയ ഇനത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റിൽ ഒരേ തുക ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| | 2020-21 (ഷെഡ്യൂൾ B-18 പ്രകാരം) | 2021-22 (ഷെഡ്യൂൾ B-18 പ്രകാരം) |
|---|---|---|
| Deposit With KSEB | 155785 | 155785 |

16.സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ പാസ്സ്ബുക്ക് പ്രകാരം 31.3.2022 ലെ നീക്കിയിരിപ്പ് തുക പൂജ്യമാണ്. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം 328950 രൂപ നീക്കിയിരിപ്പ് ആയി കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ-30/18.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ചട്ടപ്രകാരമല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ശ്രീ. ദിലീപ് മുസ്തഫ, കുന്നത്ത് എന്നവരുടെ 16.8.2021ലെ A2-3614/21 നമ്പർ പെർമിറ്റ് അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വില്ലേജ് | ഇരിമ്പിളിയം |
| റീ സർവ്വെ നമ്പർ | 269/7എ-7 |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യം |
| കെട്ടിടത്തിന്റെ നിർമിത വിസ്തൃതി | 273.5ച.മീ. |
| അപേക്ഷയോടൊപ്പം സമർപ്പിച്ച കൈവശാവകാശരേഖ പ്രകാരം ഭൂമിയുടെ തരം | നഞ്ച |
| അപേക്ഷയോടൊപ്പം സമർപ്പിച്ച കൈവശാവകാശരേഖ പ്രകാരം പ്ലോട്ടിന്റെ വിസ്തൃതി | 8.55 ആർ |
| പെർമിറ്റ് നമ്പർ | A2-BA(50417)/2022 തിയ്യതി-09.2.22 |

തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 30.5.2021ലെ RDOTIR/914/2021-F3 ഉത്തരവ് പ്രകാരം മേൽ റീസർവ്വെ നമ്പറിലുൾപ്പെട്ട8.55 ആർ നിലം ഭൂമിയിലെ 2.67 ആർ ഭൂമി പുരയിടമാക്കി തരം മാറ്റിയിട്ടുണ്ട്. തരം മാറ്റിയ ഭൂമിയുടെ നാല് അതിരുകൾ താഴെ പറയും പ്രകാരമാണ്.

കിഴക്ക്-അന്യ കൈവശം

പടിഞ്ഞാറ്-അന്യ കൈവശം

തെക്ക്-P.W.D റോഡ്

വടക്ക്-സ്വന്തം കൈവശം

ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിസ്തീർണത്തിൽ കൂടുതൽ ഭൂമി യാതൊരു കാരണവശാലും മേൽ ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം നടത്താൻ പാടുള്ളതല്ലായെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ കെട്ടിട നിർമാണ അനുമതിക്കായി സമർപ്പിച്ച പ്ലാൻ പരിശോധിക്കുമ്പോൾ ഉത്തരവിൽ അനുവദിക്കപ്പെട്ട പരിധിക്ക് അപ്പുറം നിലം ഗണത്തിൽപെടുന്ന ഭൂമിയിൽ നിർമാണം നടത്താനുദ്ദേശിക്കുന്നതായി കാണുന്നു. കൂടാതെ കെട്ടിട നിർമാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ കവറേജ് കണക്കാക്കിയിട്ടുള്ളത് പ്ലോട്ടിന്റെ ആകെ വിസ്തൃതിയായ 8.55 ആർ പരിഗണിച്ചാണ്. എന്നാൽ യഥാർത്ഥത്തിൽ കെട്ടിട നിർമാണ അനുമതിയുള്ളത് 2.67 ആർ ഭൂമിയിൽ മാത്രമാണ്. ഇത് പ്രകാരം കവറേജ് കണക്കാക്കുമ്പോൾ 65.2 ആണ് കവറേജായി വരുന്നത്. ഇത് കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ-2019 പ്രകാരം അനുവദിക്കാവുന്ന പരിധിയിൽ കൂടുതലാണ്. ചട്ടപ്രകാരമല്ലാതെ കെട്ടിട നിർമാണ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-3/14.10.2022) 2.67 ആർ ഭൂമിയിൽ മാത്രമേ നിർമാണം നടത്താവൂ എന്ന നിർദേശം പെർമിറ്റിനോടൊപ്പം രേഖാമൂലം നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പെർമിറ്റ് നൽകിയത് തന്നെ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ചട്ടപ്രകാരമല്ലാതെ പെർമിറ്റ് അനുവദിച്ചതിന് കൃത്യമായ വിശദീകരണം

ലഭ്യമാക്കുകയോ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള തുടർ നടപടി വിവരം രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 ഒരു ഗുണഭോക്താവിന് രണ്ട് തവണ വിവാഹ ധനസഹായം നൽകി

പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം (5/22) എന്ന പദ്ധതി പ്രകാരം ശ്രീ വേലായുധൻ, കലയത്ത്പടി, പുറമണ്ണൂർ എന്നയാളുടെ മകളുടെ വിവാഹത്തിന് 75000 രൂപ ബിൽ 2150852026700286836/9.8.2021 പ്രകാരം നൽകിയിട്ടുണ്ട്. ഇതേ ഗുണഭോക്താവിന് ബിൽ 2150852026700668707/18.11.2021 പ്രകാരവും 75000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ക്ളന്മാരിൽ ജനാർദ്ധനൻ എന്നയാളുടെ മകൾ ജിജി യുടെ വിവാഹത്തിന് നൽകാനുള്ള 75000 രൂപയാണ് അക്കൗണ്ട് നമ്പർ മാറി വീണ്ടും ശ്രീ വേലായുധന് തന്നെ നൽകിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് മനസ്സിലായി. അധികം നൽകിയ 75000 രൂപ ഈടാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 35/2021-22 /18.10.2022 നൽകിയതിന് അധികം കൈപ്പറ്റിയ തുക തിരികെ അടവാക്കണമെന്ന് കാണിച്ച് ശ്രീ വേലായുധന് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരികെ ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-14 പൊതു മരാമത്ത് പ്രവൃത്തി അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 59928 രൂപ ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി

1.ചെങ്കൽ പടവ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എം.സി.എഫ് ബിൽഡിങ് നിർമ്മാണവും പശ്ചാത്തല വികസനവും എന്ന പ്രവൃത്തിയുടെ ഇനം 8 ആയി കെട്ടിടത്തിന്റെ ചുമരിന് വേണ്ടി ചെങ്കൽ പടവ് ചെയ്യതിന് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.6.7.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് കെട്ടിടങ്ങളുടെ രണ്ടാം നില മുതൽ അഞ്ചാം നിലവരെയുള്ള പടവിന് നൽകുന്ന നിരക്കാണ്. ഇവിടെ ഗ്രൗണ്ട് ഫ്ലോർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഈ പ്രവൃത്തിക്ക് ഡാറ്റ 50.6.7.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9 /2021-22/15.10.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 13660 രൂപ 1220102195/18.10.2022 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപെടെ |
|---|---|---|---|---|---|
| 1 | എം.സി.എഫ് ബിൽഡിങ് നിർമ്മാണവും പശ്ചാത്തല വികസനവും (145/22)<br>സാങ്കേതികാനുമതി 5252/16.6.21<br>ബിൽ നമ്പർ 52101256/31.3.2022<br>വൗച്ചർ 22101479/31.3.2022<br>തുക 804379<br>കരാർ 58/7.12.2021<br>കരാറുകാരൻ.<br>ശ്രീ. ഷംസുദ്ധീൻ അബ്ദുൽ ഹക്കീം കെ.പി<br>അളവ് പുസ്തകം 61/20-21, 108/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 18.984$M^3$ | 133434<br>@6883.71/$M^3$<br>(6.86% ടെണ്ടർ കുറവിന് ശേഷം)<br>എസ്റ്റിമേറ്റ് നിരക്ക് 7338.72/$M^3$ | 118559<br>6245.19/$M^3$<br>(6.86% ടെണ്ടർ കുറവിന് ശേഷം)<br>എസ്റ്റിമേറ്റ് നിരക്ക് 6705.16/$M^3$ | 13660<br>(11875+1785) |

2. TMT സ്റ്റിൽ ബാർ- അധിക തുക നൽകി

പള്ളിപ്പടി - ചെനക്കപ്പറമ്പ് റോഡ് വൈഡനിങ്ങും മെയിന്റനൻസും എന്ന പ്രവൃത്തിയുടെ ഇനം 5 ആയി ഡ്രൈനേജ് നിർമ്മിക്കുന്നതിന് TMT സ്റ്റിൽ ബാർ ഉപയോഗിച്ചത് അളവ് പുസ്തകം പേജ് 11 പ്രകാരം 0.162123 ടൺ മാത്രമാണ്. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ ഈ ഇനം 0.397ടൺ ചെയ്യതായി രേഖപ്പെടുത്തി കരാറുകാരന് തുക

നൽകിയിട്ടുണ്ട്. അധിക തുക ഈടാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/2021-22/15.10.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 17871 രൂപ 1220102197/18.10.22 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി.

| ക്രമ നമ്പർ | പ്രവൃത്തി | യഥാർത്ഥ അളവ് | നൽകതുക | നൽകാവുന്ന തുക | അധികം 12% GST ഉൾപ്പെടെ |
|---|---|---|---|---|---|
| 1 | പള്ളിപ്പടി - ചെനക്കപ്പറമ്പ് റോഡ് വൈഡനിങ്ങും മെയിന്റനൻസും. വാർഡ് 6 (52/22)<br>സാങ്കേതികാനുമതി 48232/23.10.21<br>ബിൽ 21150852036401296411/17.3.2022<br>തുക 355432<br>കരാർ 25/12.11.2021 കരാറുകാരൻ.<br>ശ്രീ. മുനീർ.കെ<br>അളവ് പുസ്തകം 45/22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 0.162 ടൺ | 26956<br>@67900/T<br>(0.397 ടൺ) | 11000<br>@67900/T | 17871<br>(15956+1915) |

3.പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.

പഞ്ചായത്ത് സ്റ്റേഡിയം നവീകരണം (186/22) എന്ന പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിരുന്നത്. ഓഡിറ്റ് എൻക്വയറി 10/2021-22/17.10.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 2355 രൂപ 1220102196/18.10.22 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പഞ്ചായത്ത് സ്റ്റേഡിയം നവീകരണം (186/22)<br>ചെക്ക് 15773/31.3.2022 തുക 23828<br>കരാർ 103/3.2.2020<br>കോൺട്രാക്ടർ ശ്രീ. ആനന്ദഘോഷ്<br>അളവ് പുസ്തകം 20/21-22<br>പൂർത്തീകരണ കാലാവധി 3 മാസം<br>(കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ 6 മാസം ദീർഘിപ്പിച്ച് നൽകി)<br>പൂർത്തീകരിക്കേണ്ട തീയ്യതി 2.11.2020<br>പൂർത്തീകരിച്ച തീയ്യതി 8.3.2022 | 3.11.2020-2.2.2021 (1%) 233<br>3.2.2021-2.5.2021 (2%) 466<br>03.5.2021-2.8.2021 (2%) 466<br>03.8.2021-2.11.2021 (2%) 466<br>03.11.2021-2.2.2022 (2%) 466<br>03.2.2022-25.3.2022 (2%) 258<br>ആകെ 2355 |
| 2 | കണക്കർകാവ് എസ്. സി കോളനി ജലസേചന പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ (208/22) ബിൽ 21150852036401481611/27.3.2022<br>തുക 167983<br>കരാർ 106/3.2.2020<br>അളവ് പുസ്തകം 15/21-22<br>കോൺട്രാക്ടർ ശ്രീ.മുജീബ് റഹ്മാൻ | 3.12.2020-2.3.2021 (1%) 1680<br>3.3.2021-2.6.2021 (2%) 3360<br>03.6.2021-2.9.2021 (2%) 3360<br>03.9.2021-2.12.2021 |

| | | |
|---|---|---|
| | പൂർത്തീകരണ കാലാവധി 3 മാസം<br>(കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ 6 മാസം ദീർഘിപ്പിച്ച് നൽകി)<br>പൂർത്തീകരിക്കേണ്ട തീയ്യതി 2.12.2020<br>പൂർത്തീകരിച്ച തീയ്യതി 25.3.2022 | (2%) 3360<br>03.12.2021-2.3.2021<br>(2%) 3360<br>03.3.2022-25.3.2022<br>(2%) 840<br>ആകെ 15960 |

4.ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റ്- അധിക തുക നൽകി.

5.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെരുന്നാംകുന്ന് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഇനം 4ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റ് (M25) ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 13.1.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള നിരക്ക് സൂപ്പർ സ്ട്രക്ചർ പ്രവൃത്തിക്ക് ബാധകമായ നിരക്കാണ്. കോഡ് 13.1.2 പ്രകാരമുള്ള നിരക്കിൽ കോൺക്രീറ്റിങ്ങിന് വേണ്ടി സ്റ്റേജ് നിർമ്മിക്കുന്നതും ഉൾപെടുന്നുണ്ട്. ഈ ഡ്രൈനജിന്റെ ഉയരം 0.90 മീറ്റർ മാത്രമായതിനാൽ സ്റ്റേജ് ആവശ്യമില്ല എന്ന് വ്യക്തമാണ്. ഈ പ്രവൃത്തിയിൽ സബ്സ്ട്രക്ചർ കോൺക്രീറ്റിന് ബാധകമായ നിരക്കാണ് നൽകേണ്ടിയിരുന്നത്. 8 /2021-22/14.10.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 3905 രൂപ 1220102214/19.10.22 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക കോഡ് 13.1.2 | നൽകാവുന്ന തുക കോഡ് 12.5.3 | അധികം 12% GST ഉൾപെടെ |
|---|---|---|---|---|---|
| 1 | പെരുന്നാംകുന്ന് റോഡ് പുനരുദ്ധാരണം (45/22)<br>സാങ്കേതികാനുമതി 61089/27.11.21<br>ബിൽ 21150852036401450498/25.3.2022<br>തുക 232165<br>കരാർ 60/17.12.2021<br>കരാറുകാരൻ.<br>ശ്രീ. മനോമോഹനൻ. NP<br>അളവ് പുസ്തകം 80/22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 4.252M$^2$ | 44522<br>@10470.85/M$^2$ | 41035<br>@9650.73/M$^2$ | 3905<br>(3487+418) |

5.ഗൈറ്റ്, ഫ്രയിം വർക്ക്- അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GLPസ്കൂൾ മങ്കേരി കോമ്പൗണ്ട് വാൾ & മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഇനം 18ആയി ചുറ്റുമതിലിന് ഗൈറ്റ്, നെയിം ബോർഡ് എന്നിവ സ്ഥാപിച്ചതിന് DAR കോഡ് 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DAR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. ഓഡിറ്റ് എൻക്വയറി 7/2021-22/14.10.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 6177 രൂപ 1220102213/19.10.22 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപെടെ |
|---|---|---|---|---|---|
| 1 | GLPസ്കൂൾ മങ്കേരി കോമ്പൗണ്ട് വാൾ & മെയിന്റനൻസ് (283/22)<br>സാങ്കേതികാനുമതി 81314/5.2.22<br>ബിൽ 21150852036401432961/25.3.2022<br>തുക 386466<br>കരാർ 83/23.2.2022 | 374.149 Kg | 63557<br>@169.87/Kg | 58042<br>@155.13/Kg | 6177<br>(5515+662) |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ.<br>ശ്രീ. എൻ. പി. മനോമോഹനൻ<br>അളവ് പുസ്തകം 103/22<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |

## 1-15 KSEBയിൽ ഡെപ്പോസിറ്റ് - പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ വൈദ്യുതീകരണത്തിനായി 214961 രൂപ KSEBയിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ രസീതി, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ബിൽ/ചെക്ക് നമ്പർ<br>തുക | തുക അടവാക്കിയത് |
|---|---|---|
| കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി (183/22) | ചെക്ക് 4518412/30.3.2022<br>തുക 214961 (മലപ്പുറം മുനിസിപ്പാലിറ്റി വിഹിതം) | KSEB ഇലക്ട്രിക്കൽ സെക്ഷൻ കുറ്റിപ്പുറം |

ഓഡിറ്റ് എൻക്വയറി 12 /2021-22/17.10.2022 നൽകിയതിന് പ്രവൃത്തി നാളിത് വരെ പൂർത്തീകരിച്ചിട്ടില്ലെന്നും പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം KSEB യിൽ നിന്ന് വാങ്ങി സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-16 GI പൈപ്പ് റി- അറേഞ്ചിങ്ങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുറമണ്ണൂർ മജ്‌ലിസ് കുടിവെള്ള പദ്ധതി പുനരുദ്ധാരണത്തിനുള്ള രണ്ട് പ്രവൃത്തികളുടെ ഭാഗമായി നിലവിൽ പ്രവർത്തന രഹിതമായി കിടക്കുന്ന കുടിവെള്ള പദ്ധതിയുടെ 65mm Dia/ 80mm Dia GI പൈപ്പ് റീ അറേഞ്ച് ചെയ്ത് പുനരുപയോഗിക്കുന്നതിന് 129.45/M നിരക്കാണ് നൽകിയിട്ടുള്ളത്. GI പൈപ്പ് സ്ഥാപിക്കുന്നതിന് DAR പ്രകാരം (കോഡ് 18.12.7) നൽകാവുന്ന നിരക്കിൽ നിന്ന് പൈപ്പിനുള്ള വില, കടത്ത് കൂലി, ഫിറ്റിങ്ങ് എന്നിവക്കാവശ്യമായ തുക ഒഴിവാക്കിയാണ് പ്രസ്തുത നിരക്ക് കണ്ടെത്തിയിട്ടുള്ളത്. ഡാറ്റ പ്രകാരമുള്ള നിരക്കിൽ GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ട്രഞ്ചിങ്, റീഫില്ലിങ് നിരക്ക് കൂടി ഉൾപെടുന്നുണ്ട്. GI പൈപ്പ് റോഡ് പ്രതലത്തിന് മുകളിലൂടെയാണ് സ്ഥാപിക്കുക എന്നതിനാൽ ട്രഞ്ചിങ്, റീഫില്ലിങ് പ്രവൃത്തി ഇവിടെ ആവശ്യമായി വരുന്നില്ല. പ്രസ്തുത നിരക്ക് കുറവ് ചെയ്താണ് ഇവിടെ നിരക്ക് നൽകേണ്ടിയിരുന്നത്.

അധിക തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പുറമണ്ണൂർ മജ്‌ലിസ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (189/22)<br>സാങ്കേതികാനുമതി 90556/21.01.21<br>ബിൽ 211508000000007537/27.10.2021<br>തുക 149349<br>കരാർ 106/2.2.2021 കരാറുകാരൻ. ശ്രീ. ഷംസുദ്ധീൻ<br>അളവ് പുസ്തകം 115/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 861.20M | 111482<br>@129.45/M | 50871<br>@59.07/M | 67884<br>(60611+7273) |
| 2 | പുറമണ്ണൂർ മജ്‌ലിസ് കുടിവെള്ള പദ്ധതി പുനരുദ്ധാരണം ( 187/22) | 404M | 52298<br>@129.45/M | 23864<br>@59.07/M | 31846<br>(28434+3412) |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികാനുമതി 16719/22.05.20<br><br>ബിൽ 211508000000007535/27.10.2021<br><br>തുക 62541<br><br>ബിൽ 201508520364014274 21/29.3.2021<br><br>തുക 407226<br><br>കരാർ 1/4.6.2021 കരാറുകാരൻ. ശ്രീ. ഷംസുദ്ധീൻ<br><br>അളവ് പുസ്തകം 106/21, 10/21<br><br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | | | | ആകെ | 99730 |

GI പൈപ്പിന് നൽകാവുന്ന നിരക്ക് - ഡാറ്റ

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0116 | Fitter (Grade 1) | Day | 0.25 | 487 | 121.75 |
| 0114 | Beldar | Day | 0.66 | 368.00 | 242.88 |
| 9999 | White Lead, Hemp, Oil Etc... | LS | 13.52 | 1.73 | 23.39 |
| Total | | | | | 388.02 |
| Add 1% Water Charge | | | | | 3.88 |
| Add 15% Contractor's Profit And Overheads | | | | | 58.79 |
| Cost For 10 Metre | | | | | 450.69 |
| Cost For 1 Metre | | | | | 45.07 |
| Cost Index 31.06% | | | | | 14.00 |
| Total | | | | | 59.07 |

GI പൈപ്പിന് എസ്റ്റിമേറ്റ് പ്രകാരം നിരക്ക് കണക്കാക്കിയതിന്റെ ഡാറ്റ

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0116 | Fitter (Grade 1) | Day | 0.25 | 487 | 121.75 |
| 0114 | Beldar | Day | 0.66 | 368.00 | 242.88 |
| 0114 | Trenching And Refilling Etc...<br><br>Beldar | Day | 0.66 | 368.00 | 242.88 |
| 0115 | Coolie | Day | 0.66 | 368.00 | 242.88 |
| Total | | | | | 850.39 |
| Cost For 10 Metre | | | | | 850.39 |
| Cost For 1 Metre | | | | | 85.04 |
| Add 1% Water Charge | | | | | 0.85 |
| Add 15% Contractor's Profit And Overheads | | | | | 12.88 |
| Cost Index 31.06% | | | | | 30.67 |
| Total | | | | | 129.45 |

ഓഡിറ്റ് എൻക്വയറി 27/2021-22/17.10.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

## 1-17 പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നു

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റനസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| AMLP സ്കൂൾ വലിയകുന്ന് | 17/232<br>17/232A<br>17/232B | 30M²<br>30M²<br>30M²/90M² | 492.16M² |
| GHSS ഇരിമ്പിളിയം | 16/226<br>16/226A<br>16/226B | 50M²<br>50M²<br>1097.49M²<br>1197M² | 1182M² (ഹൈസ്കൂൾ)<br>1153.51M² (ഹയർ സെക്കന്ററി സ്കൂൾ) |
| മജ്‌ലിസ് കോളേജ് പുറമണ്ണൂർ | 6/446<br>6/444A<br>6/447A | 40M²<br>40M²<br>75M²<br>155M² | -- |
| മജ്‌ലിസ് എൽ.പി. സ്കൂൾ പുറമണ്ണൂർ | - | - | 1092.09M² |
| MES ഹയർ സെക്കന്ററി സ്കൂൾ ഇരിമ്പിളിയം | 15/347A<br>15/447B<br>15/347 C | 210M²<br>440M²<br>501M²<br>1151M² | 3260.88M² |
| എച്ച്. എ.എൽ.പി.സ്കൂൾ, വലിയകുന്ന് | 2/633 A<br>2/634A<br>2/634B | 58.06M²<br>58.06M²<br>52.33M<br>162.72M² | 557.18M² |
| എ.എം.യു.പി.സ്കൂൾ ഇരിമ്പിളിയം | 8/467 | 850M² | 1158.56M² |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.
ഓഡിറ്റ് എൻക്വയറി നൽകിയതിന് - വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തി നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥി ലാപ്ടോപ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ 21150852026700466943/30.9.2021 തുക 462893 (17എണ്ണം)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥി ലാപ്ടോപ് (74/22) എന്ന പദ്ധതി പ്രകാരം ലാപ്ടോപ് കമ്പ്യൂട്ടർ കൈപറ്റിയ ശ്രീമതി തുളസി.PR, പരിയാരത്ത്, വലിയകുന്ന് എന്ന ഗുണഭോക്താവ് തൃത്താല ഗ്രാമ പഞ്ചായത്ത് നിവാസിയാണെന്ന് ഫയലിൽ ഉള്ളടക്കം ചെയ്ത കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ആധാർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റേഷൻ കാർഡ് പ്രകാരം ഗ്രാമ പഞ്ചായത്ത് നിവാസിയായ പരിയാരത്ത് ശാന്ത എന്നവരുടെ മരുമകളാണ് ഗുണഭോക്താവ്. ഈ പദ്ധതിയുടെ അർഹതാ മാനദണ്ഡം അനുസരിച്ച് ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം അനുവദിക്കാവൂ. ആയതിനാൽ എം.ഫിൽ കോഴ്സിന് പഠിക്കുന്ന പ്രസ്തുത വിദ്യാർത്ഥിക്ക് തൃത്താല ഗ്രാമ പഞ്ചായത്തിൽ നിന്ന് ഇതേ പദ്ധതി പ്രകാരം ലാപ്ടോപ് കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ഒരു ലാപ് ടോപ് കമ്പ്യൂട്ടർ ചെലവ് തുക 27229 രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി 34 /2021-22/18.10.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 അഗതി രഹിത കേരളം പദ്ധതി -ഭക്ഷ്യധാന്യ കിറ്റ് വിതരണ രേഖകൾ ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ചെലവ് തുക, ചെക്ക് നമ്പർ - 026711/30.4.21- 83400

626712/9.7.21-250147

അഗതി രഹിത കേരളം പദ്ധതിയിൽപെട്ട 159 ഗുണഭോക്താക്കൾക്ക് (2022 ൽ നിലവിലുള്ള ഗുണഭോക്താക്കൾ) പദ്ധതി പ്രകാരം ഭക്ഷ്യധാന്യകിറ്റ് അനുവദിച്ചതിന് മേൽ പ്രകാരം ചെലവ് (മുൻ വർഷത്തെ നീക്കിയിരിപ്പിൽ നിന്നും അനുവദിച്ച തുക) തൻവർഷത്തിൽ വന്നിട്ടുണ്ട്. മാവേലി സ്റ്റോർ, വലിയകുന്ന് ശാഖ വഴിയാണ് കിറ്റ് വിതരണം ചെയ്തത്. നിലവിലുള്ള 159 ഗുണഭോക്താക്കൾക്ക് 2 തവണയായി (4 മാസത്തേക്കുള്ള കിറ്റ്) വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി വച്ചിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ്മെന്റിൽ കാണിച്ച ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യകിറ്റ് അനുവദിച്ചതായുള്ള സാക്ഷ്യപത്രം മാവേലി സ്റ്റോറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പു വരുത്താൻ കഴിയില്ല. മാവേലി സ്റ്റോറിൽ നിന്നുള്ള വിതരണ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 333547 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് അന്വേഷണത്തിന് (38/18.10.22)മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ - 3,82,769 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ | 56/22 |
| പ്രോജെക്റ്റിന്റെ പേര് | പിഎച്ച് സി യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 11,00000രൂപ(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 11,00,000രൂപ<br>ബിൽ നമ്പർ 39/21-22 തി. 26.8.21 9,00,000രൂപ<br>ബിൽ നമ്പർ 322/21-22 തി. 17.2.22 2,00,000രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

മേൽ പ്രോജെക്റ്റ് പ്രകാരം പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 11,00,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മുൻകൂർ അടവാക്കിയിട്ടുണ്ട്. 7,17,231രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 3,82,769രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 1 | PRF1732/18.8.22 | 9,00,000 | 440/21.9.21 | 2,75,261 |
| | | | 2553/21.9.21 | 1,07,007 |
| | | | 2872/14.12.21 | 7574 |
| | | | 4586/17.6.22 | 43,730 |
| | | | 5065/27.6.22 | 28,774 |
| | | | 9832/31.8.22 | 21,461 |
| | | | 13441/10.10.22 | 78,606 |

| | | | | |
|---|---|---|---|---|
| | | | ആകെ | 5,62,413 |
| 2 | PRF5746/15.2.22 | 2,00,000 | 834/22.4.22 | 41,029 |
| | | | 5067/27.6.22 | 27,489 |
| | | | 4880/23.6.22 | 66,493 |
| | | | 12191/26.9.22 | 19,807 |
| | | | ആകെ | 1,54,818 |

അവശേഷിക്കുന്ന 3,82,769(11,00,000-7,17,231)രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 1/14.10.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ (പരിരക്ഷാ പദ്ധതി) - 92,393 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ | 60/22 |
| പ്രോജെക്റ്റിന്റെ പേര് | പിഎച്ച്സിയിലേക്ക് മരുന്നു വാങ്ങൽ(പരിരക്ഷാ പദ്ധതി) |
| അടങ്കൽ/ചെലവ് | 3,00,000രൂപ(വികസന ഫണ്ട്)<br>ചെലവ്-1,00,000രൂപ<br>4,00,000 രൂപ(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ചെലവ്-1,04,890രൂപ |
| ചെലവ് | 1,00,000രൂപ<br>ബിൽ നമ്പർ 40/26.8.21തി.1,00,000രൂപ<br>1,04,890 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

മേൽ പ്രോജെക്റ്റ് പ്രകാരം പിഎച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് (പരിരക്ഷാ പദ്ധതി) 2,04,890 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മുൻകൂർ അടവാക്കിയിട്ടുണ്ട്. ഇതിൽ 1,12,497രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 92,393 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 1 | PRF1732/18.8.21 | 1,00,000 | 439/12.9.21 | 2468 |
| | | | 2552/21.9.21 | 6504 |
| | | | 5066/27.6.22 | 5021 |
| | | | 4588/17.6.22 | 52,088 |
| | | | ആകെ | 66,081 |
| 2 | PRF1733/18.8.21 | 1,04,890 | 638/20.4.22 | 14,545 |
| | | | 4879/23.6.22 | 14,804 |
| | | | 4167/10.6.22 | 17,067 |
| | | | ആകെ | 46,416 |

അവശേഷിക്കുന്ന 92,393(2,04,890-1,12,497)രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 2/14.10.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 നെൽകൃഷി വികസനം- അപാകതകൾ പരിഹരിക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം എന്ന പ്രോജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ, പേര് | 54-നെൽകൃഷി വികസനം |
| അടങ്കൽ | 22,00,000-വികസന ഫണ്ട്<br>18,43,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>35,7000-ജില്ലാ പഞ്ചായത്ത വിഹിതം |
| ചെലവ് | ചെലവ്-21,99,912-വികസനഫണ്ട്<br>18,42,924-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

നെൽകൃഷി വികസനത്തിന് വിവിധ ബില്ലുകൾ മുഖാന്തിരം 1078 ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രോജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 സർക്കാർ ഉത്തരവ് (കൈ)22/18തസ്വഭവ തി. 14.2.18 ഖ. 6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നൽകുന്ന ഗുണഭോക്താക്കൾ കൃഷി വകുപ്പിൽ നിന്നും ഈ ഇനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കൃഷി വകുപ്പിൽ നിന്നും ഇത്തരത്തിൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2 സർക്കാർ ഉത്തരവ്(കൈ) 22/18 തസ്വഭവ തി. 14.2.18 ഖ.6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടച്ച് രശീതി വാങ്ങി സൂക്ഷിക്കാൻ നിർദേശിച്ചിരുന്നു.എന്നാൽ ഫയലിൽ കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടവാക്കിയ രശീതി സൂക്ഷിച്ചിട്ടില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 20/17.10.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.ഭാവിയിൽ പ്രോജെക്റ്റ് നടപ്പിലാക്കുമ്പോൾ ഇതു സംബന്ധിച്ച മാർഗരേഖയും സർക്കാർ ഉത്തരവുകളും കൃത്യമായി പാലിക്കേണ്ടതാണ്.

## 1-23 PVC പൈപ്പിന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ എക്സ്ട്ര ഇനം 2 ആയി 63mm Dia പി.വി.സി പൈപ്പ് 310M സ്ഥാപിച്ചതിന് 309.83/M പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഈ ഇനത്തിന് 273.38/M നിരക്ക് മാത്രമാണുള്ളത്. കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എസ്റ്റിമേറ്റ് നിരക്കിൽ ആണ്. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപെടെ |
|---|---|---|---|---|
| കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി (183/22)<br>സാങ്കേതികാനുമതി 79830/22.10.21<br>ചെക്ക് 4518414/30.3.2022<br>തുക 1079547<br>ചെക്ക് 4518412/30.3.2022<br>തുക 214961<br>കരാർ 68/5.11.2020<br>കരാറുകാരൻ.<br>ശ്രീ. ഷംസുദ്ധീൻ (PLCCS)<br>അളവ് പുസ്തകം 61/20-21, 108/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 310M | 96047<br>309.83/M | 84747<br>273.38/M | 12656<br>(11300+1356) |

ഓഡിറ്റ് എൻക്വയറി 5 /2021-22/15.10.2022 നൽകിയതിന് അധികം നൽകിയ തുക അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-24 വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം-രേഖകൾ ലഭ്യമാക്കിയില്ല.

വെറ്റിനറി സർജൻ നിർവഹണം നടത്തിയ വനിത ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ, പേര് | 115/21-22<br>വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം |
| അടങ്കൽ | 4,70,000 രൂപ -വികസന ഫണ്ട്<br>35,440 രൂപ -തനത് ഫണ്ട്<br>5,04,440 രൂപ- ഗുണഭോക്തൃ വിഹിതം |
| ചെലവ് | വികസന ഫണ്ട്<br>3,35,340 രൂപ<br>ബിൽ നമ്പർ- 194/14-1-22 -1,66,455 രൂപ<br>ബിൽ നമ്പർ- 332/21-2-22 -1,68,885 രൂപ<br>തനത് ഫണ്ട്<br>ചെക്ക്നമ്പർ-2718348/30.3.22 - 35,440 രൂപ<br>ഗുണഭോക്തൃവിഹിതം-5,05,440 രൂപ |

ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളായ ക്ഷീര കർഷകർക്ക് 100 Kg മിട്ടക്കി കാലിത്തീറ്റ 5 മാസത്തേക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി.കേരള ഫീഡ്സ് മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്.160 ഗുണഭോക്താക്കൾക്ക് 5 മാസം സബ്സിഡിയിനത്തിൽ കാലിത്തീറ്റ ലഭ്യമാക്കുകയാണ് പ്രോജെക്റ്റ് വിഭാവനം ചെയ്യുന്നത്.സബ്സിഡി കഴിഞ്ഞുള്ള കാലിത്തീറ്റ വിലക്കുള്ള തുക സ്ഥാപനത്തിൽ അടവാക്കണം.ആയത് പ്രകാരം ഗുണഭോക്തൃവിഹിതം 5,05,440 രൂപ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

മേൽ പ്രോജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ഗ്രാമ പഞ്ചായത്ത് വിഹിതവും (3,35,340+35,440രൂപ)ഗുണഭോക്തൃ വിഹിതവും (5,05,440 രൂപ)ഉൾപ്പടെയുള്ള തുക കേരള ഫീഡ്സിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ KFLTSRKGA110039) കാലിത്തീറ്റ ലഭ്യമായതിന്റെ വിവരങ്ങളും അവ ക്ഷീര സംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കേരള ഫീഡ്സിൽ നിന്നുള്ള കൈപ്പറ്റ് രശീതും കാലിത്തീറ്റ കൃത്യമായ അളവിലും ഗുണനിലവാരത്തിലും ലഭ്യമായി എന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഫയലിൽ ഇല്ല.

2 കാലിത്തീറ്റ ശരിയായ അളവിലും ഗുണത്തിലും ലഭ്യമായി എന്ന് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇഷ സംബന്ധിച്ച് നമ്പർ 23/17.10.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കാലിത്തീറ്റ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കുന്നത് വരെ 3,53,440+35,440 - 3,88,880 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 അങ്കണവാടി പോഷകാഹാര പദ്ധതി-അധികം പിൻവലിച്ച് ചെലവഴിച്ച തുക ക്രമീകരിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

പ്രൊജക്റ്റ് : അങ്കണവാടി പോഷകാഹാര പദ്ധതി

നം. : 07/2022

അടങ്കൽ - 44,00,000 (വികസന ഫണ്ട്- 26,00,000 ; കേന്ദ്ര വിഹിതം- 18,00,000)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റിൻ കീഴിൽ കേന്ദ്രവിഹിതം ഇനത്തിലെ 3,12,858രൂപ വൗച്ചർ നം. 22101174/30-03-2022 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 45,482 രൂപ അടവാക്കിയിരിക്കുന്നത് GSTവകുപ്പിലേക്കാണ്. ആതവനാട് സർവ്വീസ് സഹകരണ ബാങ്കിന് ഒരു വർഷക്കാലയളവിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിലയായി നൽകുന്ന തുകയിൽ നിന്ന് GST TDSആയി 2% തുക കുറവ് ചെയ്യേണ്ടതിന് പകരം, സ്ഥാപനത്തിന് ബിൽ പ്രകാരമുള്ള മുഴവൻ തുകയും നൽകിയ ശേഷം TDSആയി അടവാക്കേണ്ട തുക വേറെത്തന്നെ പിൻവലിച്ച് അടവാക്കിയിരിക്കുകയാണ്. അപ്രകാരം അധികം പിൻവലിച്ച് ചെലവഴിച്ച തുക ക്രമീകരിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-26 അങ്കണവാടി പോഷകാഹാര പദ്ധതി - അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. പ്രോജക്ട് : അങ്കണവാടി പോഷകാഹാര പദ്ധതി (പട്ടികജാതി)

നം. : S0011/2022

അടങ്കൽ - 4,00,000 (വികസന ഫണ്ട്- എസ്.സി.പി)

2. പ്രോജക്ട് : അങ്കണവാടി പോഷകാഹാര പദ്ധതി

നം. : S0017/2022

അടങ്കൽ - 44,00,000 (വികസന ഫണ്ട്- 26,00,000 ; കേന്ദ്ര വിഹിതം- 18,00,000)

| | ഇൻവോയ്സ് നം. | ബിൽ/വൗച്ചർ നം, ആകെ തുക | തൂക്കം Kg | തുക |
|---|---|---|---|---|
| ധനശ്രീ കുടുംബശ്രീ അമൃതം ഫുഡ്, എടപ്പാൾ | | | | |
| 1 | 1/12-04-2021 | 26/28-07-2021 : 377840 | 1701 | 1,25,872 |
| 2 | 4/18-05-2021 | | 1701 | 1,25,872 |
| 3 | 7/16-06-2021 | | 1704 | 1,26,096 |
| 4 | 9/30-06-2021 | 46/08-09-2021 : 4,00,000 | 1741 | 1,28,832 |
| 5 | 14/03-08-2021 | | 1735 | 111883 |
| 6 | 17/02-09-2021 | 49/18-09-2021 : 12,08,333 | 1735 | 128,389 |
| 7 | 14/03-08-2021 | | 0 | 16506 |
| 8 | 20/01-10-2021 | 123/15-11-2021 : 5,06,568 | 1795 | 132829 |
| 9 | 23/03-11-2021 | 22101171/30-03-2022 : 7,73,164 | 1761 | 130312 |
| 10 | 26/09-12-2021 | | 1761 | 130312 |
| 11 | 27/22-12-2021 | | 1761 | 130312 |
| ആകെ | | | 17395 | 1287215 |
| പവിത്രം ന്യൂട്രീമിക്സ് | | | | |
| | 51/18-01-2022 | 22101173/30-03-2022 : 249853 | 1748 | 129352 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകൾ പ്രകാരം വിവിധ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും അങ്കണവാടികളിലേക്ക് 19,143 Kg ന്യൂട്രീമിക്സ് വിതരണം ചെയ്തതിന്റെ വിലയായി ആകെ 14,16,567രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിലയായി 20,96,070 രൂപ ആതവനാട് സർവ്വീസ് സഹകരണ ബാങ്കിനും നൽകിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു -

1. 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി TDS (1% CGST + 1% SGST) ആയി കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് TDSഈടാക്കി അടവാക്കിയിട്ടില്ല.

2. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിക്കുന്നത് ഏത് അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കിയിട്ടില്ല.

3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി. .എസ് ബി3 - 312/2010,18.12.2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. ആയത് പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-27 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അശരണരും നിലാരംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ധേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനുള്ള

മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.252/2017/ത.സ്വ.ഭ.വ തി.12.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. പദ്ധതി അടങ്കലിന്റെ 40% തുക അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ (ഇവയിലേതാണോ കുറവ്) ചലഞ്ച് ഫണ്ടായി കുടുംബശ്രീയിലൂടെ അനുവദിക്കുന്നതാണ്. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 2018 ൽ പ്രവർത്തനം ആരംഭിച്ചതാണ്.

I-പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു .

ഗുണഭോക്താക്കൾ - 173

ആകെ അടങ്കൽ - 10716040

I - വിവിധ പ്രവർത്തലങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 3365100 |
| ചികിത്സ | 351000 |
| വസ്ത്രം | 258000 |
| ഭവന നിർമ്മാണം | 1200000 |
| ഭവന പുനരുദ്ധാരണം | 3800000 |
| വിദ്യാഭ്യാസം | 135000 |
| ഭൂമി | 1200000 |
| റിസർവ് ഫണ്ട് | 133940 |
| വൈദ്യുതി | 20000 |
| കുടിവെള്ളം | 145000 |
| ശൗചാലയം | 88000 |
| മെഡിക്കൽ ക്യാമ്പ് | 20000 |
| ആകെ | 10716040 |

II- ചെലവ് വിവരം

31.3.2022 വരെ ഭക്ഷണ കിറ്റ് നൽകുന്നതിന് 1369339 രൂപയും വിദ്യാഭ്യാസകിറ്റിന് 32000 രൂപയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 3 വർഷകാലയളവിലായി ആകെ 14,01,339 രൂപ മാത്രമാണ് പദ്ധതിക്ക് വേണ്ടി ചെലവഴിക്കാനായിട്ടുള്ളത്.

111- അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

അഗതി രഹിത കേരളത്തിന്റെ DPR പ്രകാരം ചികിത്സ, വസ്ത്രം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, സ്ഥലം വാങ്ങൽ, വൈദ്യുതി, ശൗചാലയം ,കുടിവെള്ളം എന്നീ ആവശ്യങ്ങൾക്ക് ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഈ ആവശ്യങ്ങൾക്ക് ഇതുവരെ ആനുകൂല്യം നൽകിയിട്ടില്ല.

മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽയിട്ടില്ല എന്നാണ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. ഭവന പുനരുദ്ധാരണത്തിന് വേണ്ടി 3800000 രൂപ വകയിരുത്തിയെങ്കിലും നാളിതുവരെ ചെലവ് ചെയ്തിട്ടില്ല.

പദ്ധതിക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ (KGB Bank, Valiyakunnu Branch A/c No.40244101053319) 31.3.22 ന് 13,95,866.75 രൂപ നീക്കിയിരിപ്പുണ്ട്. പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലും , അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്. പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ.ഉ.(സാ.ധാ) നം.1751/2022/LSGD തി.21.7.22 പ്രകാരം പദ്ധതി കാലയളവ് നീട്ടിയ സാഹചര്യത്തിൽ നീക്കിയിരിപ്പിൽ കിടക്കുന്ന തുക വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-28 സ്ഥാപനങ്ങളിലേക്ക് നാപ്കിൻ ഡിസ്ട്രോയർ-പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : സ്ഥാപനങ്ങളിലേക്ക് നാപ്കിൻ ഡിസ്പോയർ

നം. : S0278/22

അടങ്കൽ : 1,80,000 (കേന്ദ്ര വിഹിതം)

ചെലവ് തുക, വൗച്ചർ നം. 22101192/30-03-2022 : 1,79,100

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസ്, ഹോമിയോ ഡിസ്പെൻസറി, ആയുർവ്വേദ ഡിസ്പൻസറി, വെറ്ററിനറി ഡിസ്പൻസറി, വെണ്ടല്ലൂർ യു.പി. സ്കൂൾ, പുറമണ്ണൂർ യു.പി. സ്കൂൾ എന്നീ ആറ് സ്ഥാപനങ്ങളിൽ നാപ്കിൻ ഡിസ്പോയറുകൾ സ്ഥാപിച്ചതിന്റെ വിലയായി RAIDCO Kerala Ltd, തിരൂരിന് 1,79,100രൂപ നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആറ് ഇൻസിനറേറ്ററുകളും സ്ഥാപിച്ചെങ്കിലും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത മെഷീനുകളിൽ അഞ്ച് എണ്ണവും നാളിതുവരെ വൈദ്യുതി കണക്ഷൻ നൽകി പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

2. RAIDCO Kerala Ltd മായി ഗ്രാമപഞ്ചായത്ത് ഇതിനായി കരാർ വച്ചിട്ടില്ല.

4. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇൻസിനറേറ്ററിന്റെ വാറണ്ടി 1 വർഷമാണ്. ഉപകരണം ഇൻസ്റ്റാൾ പോലും ചെയ്യാതെ മാർച്ച് 2023വരെയുള്ള വാറണ്ടി പിരീയഡ് അവസാനിക്കാനുള്ള സാഹചര്യം ഉണ്ട്.

ഉപകരണങ്ങൾ വിതരണം ചെയ്ത എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തേണ്ടതും, RAIDCO Kerala Ltd മുഖേന തന്നെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,49,250 (29,850X5) രൂപ തടസ്സം ചെയ്യുന്നു.

## 1-29 എസ് സി വനിതകൾക്ക് പെണ്ണാട്-രേഖകൾ ലഭ്യമാക്കിയില്ല.

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ എസ് സി വനിതകൾക്ക് പെണ്ണാട് എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്ട് നമ്പർ, പേര് | 119/21-22<br>എസ് സി വനിതകൾക്ക് പെണ്ണാട് |
| അടങ്കൽ | 6,00,000 രൂപ - വികസന ഫണ്ട് (SCP)<br>2,00,000-ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്: |
| ചെലവ് | 5,55,000 രൂപ (SCP)<br>ബിൽ നമ്പർ 100/29.10.21- 30,000 രൂപ<br>ബിൽ നമ്പർ 119/10.11.21- 30,000 രൂപ<br>ബിൽ നമ്പർ 122/14.11.21- 90,000 രൂപ<br>ബിൽ നമ്പർ 129/19.11.21- 45,000 രൂപ<br>ബിൽ നമ്പർ 184/11.1.22- 1,35,000 രൂപ<br>ബിൽ നമ്പർ 184/11.1.22- 1,35,000 രൂപ<br>ബിൽ നമ്പർ 441/24.3.22- 15,000 രൂപ<br>ബിൽ നമ്പർ 392/16.3.22- 75,000 രൂപ |

10-12 മാസം പ്രായമുള്ള 15 കിലോയിൽ കൂടുതൽ ശരീരഭാരമുള്ള 20,000 രൂപ വില വരുന്ന 2 മലബാരി ആടുകളെ 15,000 രൂപ സബ്സിഡിയിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ് പ്രോജെക്ട്. 37 ഗുണഭോക്താക്കൾക്കാണ് 15,000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുള്ളത്.

മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിലാണ് എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

കുഞ്ചി , ചോലക്കാട്ടിൽ , പുറമണ്ണൂർ

ശശികല , ചോലക്കുഴിയിൽ,ഇരിമ്പിളിയം

മീനാക്ഷി,വടക്കേക്കര വളപ്പിൽ,വലിയകുന്ന്

2) താഴെ പറയുന്ന ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല

ഉഷ കുമ്പളക്കാട്ടിൽ

ദയ പറമ്പിൽ

രമണി പറമ്പിൽ

സുചിത്ര ,ചോലക്കുഴിയിൽ

പ്രസന്ന കുമാരി കൈനിയേൽമാരിൽ

3) 19 അപേക്ഷകൾ മാത്രമാണ് വെറ്റിനറി സർജൻ സബ്സിഡി അനുവദിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 18 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് ആധികാരികമല്ല.

4) ആടുകളുടെ പ്രായം,ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരങ്ങളും ആടുകളുടെ ഫോട്ടോ ഉൾപ്പടെയുള്ള രേഖകളും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

5) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 21/17.10.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളും മറുപടിയും ലഭ്യമാക്കുന്നത് വരെ 5,55,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 വാഹനവാടക നൽകിയത്- വരുമാന നികുതി കുറവ് ചെയ്തില്ല

1. പ്രോജക്ട് : അങ്കണവാടി പോഷകാഹാര പദ്ധതി (പട്ടികജാതി)

നം. : 11/2022

അടങ്കൽ - 4,00,000 (എസ്.സി.പി)

2. പ്രോജക്ട് : അങ്കണവാടി പോഷകാഹാര പദ്ധതി

നം. : 07/2022

അടങ്കൽ - 26,00,000 (വികസന ഫണ്ട്)

വൗച്ചർ നം.22101174/30-03-2022 : 3,12,858

വൗച്ചർ നം.22101171/30-03-2022 : 7,73,164

ബിൽ നം.123/15-11-2021 : 5,06,568

ബിൽ നം.51/18-09-2021 : 3,06,896

ബിൽ നം.30/06-08-2021 : 2,00,363

മേൽ പ്രൊജക്ട് പ്രകാരം ഭക്ഷ്യധാന്യങ്ങൾ വിവിധ അംഗൻവാടികളിൽ എത്തിച്ച് കൊടുത്തതിനുള്ള വാഹന വാടകയായി ശ്രീ. പി. മമ്മിക്ക് 1,01,121 രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി വകുപ്പിലെ 194C പ്രകാരം 1% TDS ആയി ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-31 മൊബൈൽ ടവർ -നടപടിക്രമങ്ങളിലെ കാലതാമസം മൂലം വസ്തു നികുതി ഇനത്തിൽ നഷ്ടം

ഇൻഡസ് ടവേഴ്സ് മൊബൈൽ ടവറിന്റെ നമ്പറിങ്ങിനായി നൽകിയ അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നമ്പർ | A4-6573/16 തിയ്യതി-16.11.2016 |
| വില്ലേജ് | ഇരിമ്പിളിയം |
| സർവ്വെ നമ്പർ | 151/11 |
| അനുവദിച്ച നമ്പർ | 1/318-A |
| വാർഷിക വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 8245 രൂപ |
| നികുതി പ്രാബല്യത്തിൽ വരുന്ന തിയ്യതി | 2021-22 ഒന്നാം അർദ്ധവർഷം |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

നിർമാണം പൂർത്തിയാക്കി 16.11.2016ന് അപേക്ഷ സമർപ്പിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പിന്നീട് 2.7.2021ന് 2781/21 നമ്പറായി വീണ്ടും അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്. അപേക്ഷ സമർപ്പിച്ചിട്ട് വർഷങ്ങൾക്ക് ശേഷവും പഞ്ചായത്ത് ഓഫീസിൽ നിന്നും പ്രതികരണം ഉണ്ടായിട്ടില്ലായെന്ന് രണ്ടാമത്തെ അപേക്ഷയിൽ വ്യക്തമാക്കുന്നുണ്ട്. ഓഫീസ് കുറിപ്പിലും ഇത് വ്യക്തമാണ്. അപേക്ഷ ലഭിച്ച് തുടർ നടപടികൾ സ്വീകരിച്ചതായോ അപാകതകൾ ഉണ്ടായിരുന്നുവെങ്കിൽ അപേക്ഷകനെ അറിയിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. 2.7.2021ന് രണ്ടാമത് അപേക്ഷ സമർപ്പിച്ചതിന് ശേഷമാണ് ഫയലിൽ തുടർനടപടികളുണ്ടായത്. 2021-22 ഒന്നാം അർദ്ധവർഷം മുതലാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. വസ്തു നികുതി ഇനത്തിൽ വലിയ തുകയാണ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച

മൂലം പഞ്ചായത്തിന് നഷ്ടമായിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-32/18.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ അപാകതകക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.2.2022ലെ ആർ.ഡി.3/94/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് ടവേഴ്സിന്റെ 2 മൊബൈൽ ടവറുകളുടെ നമ്പറിങ്ങിനായുള്ള അപേക്ഷകൾ പ്രകാരം വസ്തുനികുതി നിർണയിച്ച് നമ്പർ അനുവദിച്ചതിൽ ടവറിന്റെ തറവിസ്തീർണം നികുതി നിർണയത്തിന് പരിഗണിച്ചിട്ടില്ല. ഇൻഡസ് ടവേഴ്സ് മൊബൈൽ ടവറുകളുടെ നമ്പറിങ്ങിനായി നൽകിയ അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ക്രമ നമ്പർ 1. | | ക്രമ നമ്പർ 2. | |
|---|---|---|---|---|
| അപേക്ഷ നമ്പർ | A2-910/2021 തിയ്യതി-12.2.2021 | | A2-2781/2021 തിയ്യതി-2.7.2021 | |
| വില്ലേജ് | ഇരിമ്പിളിയം | | ഇരിമ്പിളിയം | |
| സർവ്വെ നമ്പർ | 254/2-5 | | 151/11 | |
| നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം | ഷെൽട്ടർ | ഡി ജി റൂം | ഷെൽട്ടർ | ഡി ജി റൂം |
| | 14.85 ച.മീ. | 6 ച.മീ. | 14.68 ച.മീ. | 7.13 ച.മീ. |
| അനുവദിച്ച നമ്പർ | 3/484 A | | 1/318 A | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-31/18.10.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ നാല് ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15,000രൂപ വീതം നൽകുന്നതിനായി 22100487/18-08-2021-ാം നമ്പർ വൗച്ചർ പ്രകാരം 60,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയിട്ടില്ല.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ.പി.കെ. സുനിൽകുമാർ, ഡ്രൈവർ | 15,000 | 9,000 | 6,000 |

തുക തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S003/2022

അടങ്കൽ - 8,00,000 (വികസന ഫണ്ട് )

BRN: 21150852010700256264/02-08-2021 : 8,00,000

2. പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ-എസ്.സി.പി.

നം : S004/2022

അടങ്കൽ - 4,00,000 (എസ്.സി.പി)

BRN: 21150852010700256269/02-08-2021 : 4,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 12,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ

നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 12,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് റിപ്പയർ-അപാകതകൾ പരിഹരിക്കേണ്ടതാണ്

പ്രൊജക്റ്റ് : തെരുവ് വിളക്ക് റിപ്പയർ (SO)

നം : S0256/2022

അടങ്കൽ - 60,560 (F.C.award )

BRN: 21150852010701088604/09-02-2022 : 59,994

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തെരുവ് വിളക്ക് റിപ്പയർ ചെയ്തതിന്റെ തുകയായി ശ്രീ. അബ്ദുറഷീദ് കെ- ക്ക് 59,994രൂപ നൽകിയിട്ടുണ്ട്. 2020-21ലെ S0029/2021-ാം നമ്പർ പദ്ധതിയുടെ സ്പിൽ ഓവറായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. CFL ഒന്നിന് 700രൂപ നിരക്കിലും, LEDവിളക്ക് ഒന്നിന് 1400രൂപ നിരക്കിലും തെരുവ് വിളക്ക് റിപ്പയർ ഏറ്റെടുക്കാൻ തയ്യാറാണ് എന്ന് രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. പ്രൊജക്റ്റ് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു-

1. റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ട്. എന്നാൽ ഏതെല്ലാം ഇനം, എത്ര വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്ന് ഇല്ലാതെ മുഴുവൻ വിളക്കുകളും റിപ്പയർ ചെയ്തു എന്നാണ് വാർഡ് മെമ്പർമാർ രേഖപ്പെടുത്തിയിട്ടുള്ളത്. റിപ്പയർ ചെയ്യുന്ന വിളക്കുകളുടെ എണ്ണത്തിനനുസരിച്ചുള്ള തുകയാണ് നൽകേണ്ടത് എങ്കിലും എത്ര എണ്ണം,ഏതൊക്കെ പോസ്റ്റുകളിലെ വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. പരാതി റജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ തിയ്യതി, പോസ്റ്റ് നമ്പർ, പരാതിക്കാരന്റെ പേര് തുടങ്ങിയ വിവരങ്ങളൊന്നും ഇല്ല.

3. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം എന്നിവ കാണിക്കുന്ന റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കരാറുകാരന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും 1% KCWWF കുറവു ചെയ്തിട്ടില്ല.

5. ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരവും ഇല്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് 18/17.10.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-36 സാക്ഷരതാ പ്രേരകിന് ഹോണറേറിയം-തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 22100059/16-04-2021 : 26,400

വൗച്ചർ നം. 22100177/28-05-2021 : 8,400

ഹോണറേറിയം ഇനത്തിൽ മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക 34,800രൂപ ശ്രീമതി സാജിത കെ.പി,സാക്ഷരതാ മിഷനിലെ പ്രേരകിന് നൽകിയിട്ടുണ്ട്. ആയത് ജി.ഒ.(ആർ.ടി) നം.626/LSGD/26-02-2021 ലെ നിർദ്ദേശ പ്രകാരം ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.
17/17.10.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 ഇലക്ഷൻ ഡെപ്പോസിറ്റ് തിരിച്ച് നൽകിയത് -വിശദീകരണം ലഭ്യമാക്കേണ്ടതാണ്

വിവിധ വ്യക്തികൾ ഇലക്ഷൻ ഡെപ്പോസിറ്റ് ആയി അടവാക്കിയ 1000രൂപ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം തിരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുക അടവാക്കിയതിന്റെ ഒറിജിനൽ രശീതി ഹാജരാക്കാതെയാണ് പ്രസ്തുത തുകകൾ തിരികെ നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്-

| ക്രമ നം. | വൗച്ചർ നമ്പർ/ തീയതി | പേര് |
|---|---|---|
| 1 | 22100074/19-04-2021 | ശ്രീ. ഷിറാസ്. എം.വി |
| 2 | 22100075/19-04-2021 | ശ്രീ. മുഹമ്മദ് ആഷിക്ക് ടി.ടി |
| 3 | 22100076/19-04-2021 | ശ്രീ. അമീർ പി.ടി |
| 4 | 221000747/19-04-2021 | ശ്രീ. ജസീന കെ.പി |

| | | |
|---|---|---|
| 5 | 22100078/19-04-2021 | ശ്രീ. സീനത്ത് പി.ടി |
| 6 | 22100191/31-05-2021 | ശ്രീമതി ഖദീജ എൻ |
| 7 | 22100192/31-05-2021 | ശ്രീമതി കെ.ടി. ഉമ്മുകുൽസു |
| 8 | 22100193/31-05-2021 | ശ്രീ. മൊയ്തീൻ കുട്ടി |
| 9 | 22100194/31-05-2021 | ശ്രീമതി ഫസീല കുന്നത്ത് |
| 10 | 22100195/31-05-2021 | ശ്രീ. മെരീഷ് ടി.പി |
| 11 | 22100196/31-05-2021 | ശ്രീ. അബൂബക്കർ കെ |
| 12 | 22100197/31-05-2021 | ശ്രീ. ബാലചന്ദ്രൻ |
| 13 | 22100198/31-05-2021 | ശ്രീമതി സൈഫുന്നിസ കെ.ടി |
| 14 | 22100199/31-05-2021 | ശ്രീ. മുഹമ്മദ് എൻ |
| 15 | 22100200/31-05-2021 | ശ്രീമതി റംല എ.പി |
| 16 | 22100201/31-05-2021 | ശ്രീമതി ഷഹനാസ് പി.ടി |
| 17 | 22100202/31-05-2021 | ശ്രീമതി ഷഫീദ സി |
| 18 | 22100203/31-05-2021 | ശ്രീമതി സുനിതാ കെ.വി |
| 19 | 22100204/31-05-2021 | ശ്രീ. മുഹമ്മദാലി കെ |
| 20 | 22100205/31-05-2021 | ശ്രീമതി സുഭദ്ര എം.ടി |
| 21 | 22100215/31-05-2021 | ശ്രീ. ഹനീഫ സി.പി |
| 22 | 22100216/31-05-2021 | ശ്രീ. അരുൺകുമാർ കെ |
| 23 | 22100217/31-05-2021 | ശ്രീ. കെ.പി.ടി. മുഹമ്മദ് |
| 24 | 22100218/31-05-2021 | ശ്രീമതി ലൈല കെ |
| 25 | 22100219/31-05-2021 | ശ്രീ. മണികണ്ഠൻ സി |
| 26 | 22100220/31-05-2021 | ശ്രീ. മുഹമ്മദാലി കെ |
| 27 | 22100221/31-05-2021 | ശ്രീമതി മുബശിറ |
| 28 | 22100222/31-05-2021 | ശ്രീ. ഭാവനകുമാർ |
| 29 | 22100223/31-05-2021 | ശ്രീമതി അനിത കെ.എം |
| 30 | 22100224/31-05-2021 | ശ്രീമതി സൗമ്യ എം.കെ |
| 31 | 22100225/31-05-2021 | ശ്രീ. മുകുന്ദൻ ഇ |
| 32 | 22100226/31-05-2021 | ശ്രീ. മൊയ്തീൻകുഞ്ഞി കെ.കെ |
| 33 | 22100227/31-05-2021 | ശ്രീ. ബാലകൃഷ്ണൻ കെ |
| 34 | 22100228/31-05-2021 | ശ്രീ. നാരായണൻ എ.പി |
| 35 | 22100229/31-05-2021 | ശ്രീ. വിനോദ് പുല്ലാന്നൂർ |
| 36 | 22100230/31-05-2021 | ശ്രീ. മുഹമ്മദ് ബഷീർ |

| | | |
|---|---|---|
| | | പി |

ഓഡിറ്റ് എൻക്വയറി നം. 24/17-10-2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 36,000രൂപ തടസ്സം ചെയ്യുന്നു.

## 1-38 രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക 42,500 രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 26-05-2021ലെ 3(3) -ാം നമ്പർ ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം RRTഅംഗങ്ങൾക്ക് കോവിഡ് -19 പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഇന്ധന ചെലവിലേക്കായി നാളിതു വരെയുള്ള ചെലവിന് ഒരു വാർഡിൽ 2500 രൂപ അനുവദിക്കുന്നതിന് തീരുമാനിച്ച് വൗച്ചർ നം. 22100190/31-05-2021 പ്രകാരം 42,500രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് ആർക്കാണ് നൽകിയത് എന്നതിന്റെ വിവരം, കൈപ്പറ്റ് രശീതി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 15/17-10-2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 42,500 രൂപ തടസ്സം ചെയ്യുന്നു.

## 1-39 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില 43888 രൂപ നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി |
|---|---|
| 1 | എം.സി.എഫ് ബിൽഡിങ് നിർമ്മാണവും പശ്ചാത്തല വികസനവും (145/22) |
| 2 | ഇിഗേഷൻ കനാൽ തേക്കുത്ത് റോഡ് കോൺക്രീറ്റിംഗ് (239/22) |
| 3 | അപ്പത്തോട് - ഗാന്ധി ബസാർ ചിറതോട് സൈഡ് കെട്ട് (266/22) |
| 4 | കുഞ്ഞേൽ തോട് സൈഡ് കെട്ട് (267/22) |
| 5 | വലിയ തോട് സൈഡ് കെട്ട് (207/22) |
| 6 | വെണ്ടല്ലൂർ പടിഞ്ഞാറെ തോട് സൈഡ് കെട്ട് (264/22) |

ഓഡിറ്റ് എൻക്വയറി 36/21-22/18.10.2022 നൽകിയതിന് ടെണ്ടർ ഫീ ഇനത്തിലെ തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരികെ ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-40 മങ്കേരി ജി.എൽ.പി.സ്കൂളിലെ ജീർണിച്ച കെട്ടിടം പൊളിച്ചു നീക്കാൻ നടത്തിയ ലേലം -നടപടിക്രമങ്ങളിലെ അപാകതകൾ

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ മങ്കേരി ജി.എൽ.പി.സ്കൂളിലെ ജീർണിച്ച കെട്ടിടം പൊളിച്ചു നീക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)കെട്ടിടം പൊളിച്ചു നീക്കുന്നതിന് 26.6.2020ന് ലേലം നടത്തുകയുണ്ടായി. 3.7.2020ലെ സാധാരണയോഗത്തിലെ 15(1) തീരുമാനപ്രകാരം ശ്രീ. ശിഹാബ് വിളിച്ച 9900 രൂപയുടെ ലേലം അംഗീകരിച്ചു. ലേലം സംബന്ധിച്ച് വ്യാപക പരാതികൾ ലഭിച്ചതിനെ തുടർന്ന് ലേലം റദ്ദ് ചെയ്ത് പുനർലേലം ചെയ്യാൻ 8.7.2020ലെ അടിയന്തിര യോഗത്തിലെ 1(1) തീരുമാനപ്രകാരം തീരുമാനിച്ചു. കോവിഡ് 19 വ്യാപകമായ പശ്ചാത്തലത്തിൽ പുനർലേലം പ്രായോഗികമല്ലെന്നതുകൊണ്ട് ക്വട്ടേഷൻ ക്ഷണിക്കാൻ 15.9.2020ലെ സാധാരണ യോഗത്തിലെ 8(1) തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചു. 11 പേർ ക്വട്ടേഷൻ സമർപ്പിച്ചതിൽ ഏറ്റവും ഉയർന്ന തുകയായ 89500രൂപക്ക് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. മുസ്തഫ, കടീരി എന്നവരുടെ ക്വട്ടേഷൻ 31.10.2020ലെ സാധാരണ യോഗത്തിലെ 6(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. ക്വട്ടേഷൻ പ്രകാരമുള്ള 89500 രൂപയും GST ഇനത്തിൽ 4475 രൂപയും ഓഫീസിൽ അടവാക്കേണ്ടതാണെന്ന് 6.11.2020ലെ എ3-3493/20 നമ്പർ കത്ത് മുഖേന ശ്രീ. മുസ്തഫ എന്നവരെ അറിയിച്ചെങ്കിലും GST തുക അടവാക്കാൻ സാധിക്കുകയില്ലായെന്ന് പറഞ്ഞ് ടിയാൻ തുക പഞ്ചായത്തിൽ അടക്കുകയുണ്ടായില്ല. ക്വട്ടേഷൻ പരസ്യത്തിൽ GST സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

2)8.10.2020ന് നടന്ന ക്വട്ടേഷനിൽ ഏറ്റവും ഉയർന്ന രൂപക്ക് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. മുസ്തഫ, കടീരി എന്നവർ പിന്നീട് തുക അടവാക്കാതിരുന്ന സാഹചര്യത്തിൽ ഉയർന്ന രണ്ടാമത്തെ നിരക്ക് ആയ 82000 രൂപ ക്വാട്ട് ചെയ്ത ശ്രീ. ഫൈസൽ എന്നവരുടെ ക്വട്ടേഷൻ പരിഗണിക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

3)18.5.2021ലെ 3-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം 17.5.2021ലെ ശ്രീ. ഇബ്രാഹിം, പുന്നക്കാട്ടുതൊടി എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. 39000രൂപക്കാണ് ശ്രീ. ഇബ്രാഹിം ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. 19.5.2021ന്

43680 രൂപയാണ് ടിയാൻ GST ഉൾപ്പെടെ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. 8.10.2020ലെ ക്വട്ടേഷനിൽ പങ്കെടുത്തവരെ പരിഗണിക്കാതെ വീണ്ടും ക്വട്ടേഷൻ ക്ഷണിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-29/18.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 GI പൈപ്പ് റി- അറേഞ്ചിങ്ങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുറമണ്ണൂർ മജ്‌ലിസ് കുടിവെള്ള പദ്ധതി പുനരുദ്ധാരണത്തിനുള്ള രണ്ട് പ്രവൃത്തികളുടെ ഭാഗമായി നിലവിൽ പ്രവർത്തന രഹിതമായി കിടക്കുന്ന കുടിവെള്ള പദ്ധതിയുടെ 65mm Dia/ 80mm Dia GI പൈപ്പ് റീ അറേഞ്ച് ചെയ്ത് പുനരുപയോഗിക്കുന്നതിന് 129.45/M നിരക്കാണ് നൽകിയിട്ടുള്ളത്. GI പൈപ്പ് സ്ഥാപിക്കുന്നതിന് DAR പ്രകാരം (കോഡ് 18.12.7) നൽകാവുന്ന നിരക്കിൽ നിന്ന് പൈപ്പിനുള്ള വില, കടത്ത് കൂലി, ഫിറ്റിങ്ങ് എന്നിവക്കാവശ്യമായ തുക ഒഴിവാക്കിയാണ് പ്രസ്തുത നിരക്ക് കണ്ടെത്തിയിട്ടുള്ളത്. ഡാറ്റ പ്രകാരമുള്ള നിരക്കിൽ GI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ട്രഞ്ചിങ്, റീഫില്ലിങ് നിരക്ക് കൂടി ഉൾപെടുന്നുണ്ട്. GI പൈപ്പ് റോഡ് പ്രതലത്തിന് മുകളിലൂടെയാണ് സ്ഥാപിക്കുക എന്നതിനാൽ ട്രഞ്ചിങ്, റീഫില്ലിങ് പ്രവൃത്തി ഇവിടെ ആവശ്യമായി വരുന്നില്ല. പ്രസ്തുത നിരക്ക് കുറവ് ചെയ്താണ് ഇവിടെ നിരക്ക് നൽകേണ്ടിയിരുന്നത്.

അധിക തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പുറമണ്ണൂർ മജ്‌ലിസ് കുടിവെള്ള പദ്ധതി പൈപ്പ്‌ലൈൻ നീട്ടൽ( 189/22)<br>സാങ്കേതികാനുമതി 90556/21.01.21<br>ബിൽ 211508000000007537/27.10.2021<br>തുക 149349<br>കരാർ 106/2.2.2021 കരാറുകാരൻ. ശ്രീ. ഷംസുദ്ധീൻ<br>അളവ് പുസ്തകം 115/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 861.20M | 111482<br>@129.45/M | 50871<br>@59.07/M | 67884<br>(60611+7273) |
| 2 | പുറമണ്ണൂർ മജ്‌ലിസ് കുടിവെള്ള പദ്ധതി പുനരുദ്ധാരണം ( 187/22)<br>സാങ്കേതികാനുമതി 16719/22.05.20<br>ബിൽ 211508000000007535/27.10.2021<br>തുക 62541<br>ബിൽ 20150852036401427421/29.3.2022 | 404M | 52298<br>@129.45/M | 23864<br>@59.07/M | 31846<br>(28434+3412) |

| | | | | | |
|---|---|---|---|---|---|
| | തുക 407226<br>കരാർ 1/4.6.2021 കരാറുകാരൻ. ശ്രീ. ഷംസുദ്ധീൻ<br>അളവ് പുസ്തകം 106/21, 10/21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | | | | ആകെ | 99730 |

GI പൈപ്പിന് നൽകാവുന്ന നിരക്ക് - ഡാറ്റ

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0116 | Fitter (Grade 1) | Day | 0.25 | 487 | 121.75 |
| 0114 | Beldar | Day | 0.66 | 368.00 | 242.88 |
| 9999 | White Lead, Hemp, Oil Etc... | LS | 13.52 | 1.73 | 23.39 |
| Total | | | | | 388.02 |
| Add 1% Water Charge | | | | | 3.88 |
| Add 15% Contractor's Profit And Overheads | | | | | 58.79 |
| Cost For 10 Metre | | | | | 450.69 |
| Cost For 1 Metre | | | | | 45.07 |
| Cost Index 31.06% | | | | | 14.00 |
| Total | | | | | 59.07 |

GI പൈപ്പിന് എസ്റ്റിമേറ്റ് പ്രകാരം നിരക്ക് കണക്കാക്കിയതിന്റെ ഡാറ്റ

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0116 | Fitter (Grade 1) | Day | 0.25 | 487 | 121.75 |
| 0114 | Beldar | Day | 0.66 | 368.00 | 242.88 |
| 0114 | Trenching And Refilling Etc...<br>Beldar | Day | 0.66 | 368.00 | 242.88 |
| 0115 | Coolie | Day | 0.66 | 368.00 | 242.88 |
| Total | | | | | 850.39 |
| Cost For 10 Metre | | | | | 850.39 |
| Cost For 1 Metre | | | | | 85.04 |
| Add 1% Water Charge | | | | | 0.85 |
| Add 15% Contractor's Profit And Overheads | | | | | 12.88 |
| Cost Index 31.06% | | | | | 30.67 |
| Total | | | | | 129.45 |

ഓഡിറ്റ് എൻക്വയറി 27/2021-22/17.10.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ 99730 രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-2 ഒരു ഗുണഭോക്താവിന് രണ്ട് തവണ വിവാഹ ധനസഹായം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം (5/22) എന്ന പദ്ധതി പ്രകാരം ശ്രീ വേലായുധൻ, കലയത്ത്പടി, പുറമണ്ണൂർ എന്നയാളുടെ മകളുടെ വിവാഹത്തിന് ബിൽ 2150852026700286836/9.8.2021 പ്രകാരം 75000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഇതേ ഗുണഭോക്താവിന് ബിൽ 2150852026700668707/18.11.2021 പ്രകാരവും 75000 രൂപ 40244101069499 നമ്പർ കേരള

ഗ്രാമീണ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം നൽകിയിട്ടുണ്ട്. കുളന്മാരിൽ ജനാർദ്ധനൻ എന്നയാളുടെ മകൾ ജിജി യുടെ വിവാഹത്തിന് നൽകാനുള്ള 75000 രൂപയാണ് അക്കൗണ്ട് നമ്പർ മാറി വീണ്ടും ശ്രീ വേലായുധന് തന്നെ നൽകിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് മനസ്സിലായി.

അധികം നൽകിയ 75000 രൂപ ഈടാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 35 /2021-22/18.10.2022 നൽകിയതിന് അധികം കൈപറ്റിയ തുക ഗ്രാമ പഞ്ചായത്തിൽ തിരികെ അടവാക്കണമെന്ന് ആവശ്യപ്പെട്ട് ഗുണഭോക്താവിന് കത്തയച്ചിട്ടുണ്ടെന്നും തിരികെ അടവാക്കുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക ആവശ്യമായ പരിശോധന നടത്താതെ തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നു.

## 3-3 പി.വി.സി പൈപ്പിന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ എക്സ്ട്ര ഇനം 2 ആയി 63mm Dia പി.വി.സി പൈപ്പ് 310M സ്ഥാപിച്ചതിന് 309.83/M പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഈ ഇനത്തിന് 273.38/M നിരക്ക് മാത്രമാണുള്ളത്. കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എസ്റ്റിമേറ്റ് നിരക്കിൽ ആണ്. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST ഉൾപ്പെടെ |
|---|---|---|---|---|
| കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി (183/22)<br>സാങ്കേതികാനുമതി 79830/22.10.21<br>ചെക്ക് 4518414/30.3.2022<br>തുക 1079547<br>ചെക്ക് 4518412/30.3.2022<br>തുക 214961<br>കരാർ 68/5.11.2020<br>കരാറുകാരൻ.<br>ശ്രീ. ഷംസുദ്ധീൻ (PLCCS)<br>അളവ് പുസ്തകം 61/20-21, 108/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 310M | 96047<br>309.83/M | 84747<br>273.38/M | 12656<br>(11300+1356) |

ഓഡിറ്റ് എൻക്വയറി 5 /2021-22/15.10.2022 നൽകിയതിന് അധികം നൽകിയ തുക അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ 12656 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | പദ്ധതി പേര്,നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1842925 | 54/21-22 നെൽ കൃഷി വികസനം | 1842925 | 0 |
| | 212961 | 60/21-22 -പരിരക്ഷ | 212961 | 0 |
| | 100000 | 137/21-22 ലൈഫ് ഭവന പദ്ധതി | 100000 | 0 |
| | 163000 | 97/21-22 ലൈഫ് ഭവന പദ്ധതി എസ് സി | 163000 | 0 |
| | 450000 | 293/21-22 ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 450000 | 0 |
| | 225000 | 136/21-22 ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 225000 | 0 |
| | 570000 | 14/21-22 ഭിന്ന ശേഷി സ്കോളർഷിപ്പ് | 570000 | 0 |
| | 250000 | 36/21-22 തങ്ങൾപ്പടി കൈതക്കുളം റോഡ് കോൺക്രീറ്റിംഗ് വാർഡ് 6 | 250000 | 0 |
| | 100000 | 78/21-22 വി എസ് കെ ഡി ഖബർസ്ഥാൻ റോഡ് | 100000 | 0 |
| | 250000 | 20/21-22 പ്രഭാകർപടി-വാസു കോളനി റോഡ് കോൺക്രീറ്റിംഗ് | 250000 | 0 |
| | 200000 | 179/21-22 തോട്ടിലാക്കൽ പരവക്കുഴി റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| | 250000 | 21/21-22 ആലുംകൂട്ടം അയ്യപ്പൻകാവ് സുബ്രമണ്യം പടി പാത്ത് വേ കോൺക്രീറ്റിംഗ് | 250000 | 0 |
| | 148549 | 25/21-22 കൊട്ടമുടി വളവ് അങ്കണവാടി പാത്ത് വേ നിർമാണം | 148549 | 0 |
| | 388851 | 239/21-22 ഇറിഗേഷൻ കനാൽ തേക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 388851 | 0 |
| ജില്ലാ പഞ്ചായത്ത് | 16392 | 143/21-22 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 16392 | 0 |
| | 4000000 | 97/21-22 ലൈഫ് ഭവന പദ്ധതി എസ് സി | 4000000 | 0 |
| | 4725000 | 239/21-22 ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 4725000 | 0 |
| | 570000 | 14/21-22 ഭിന്ന ശേഷി സ്കോളർഷിപ്പ് | 570000 | 0 |
| മലപ്പുറം മുനിസിപ്പാലിറ്റി | 1294508 | 183/21-22 കാരപ്പറമ്പ് പൊതു കുടിവെള്ള പദ്ധതി | 1294508 | 0 |

| | | | | |
|---|---|---|---|---|
| വിഹിതം | 3841117 | 184/21-22 മണ്ണാർതോട് വലിയ തോട് സംരക്ഷണം | 3841117 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 147/22 റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22100593 / 30.9.2021 | 35139 | 35139 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി | 0 |
| | | 22100753/ 15.11.2021 | 123568 | 123568 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി | 0 |
| | | 22100896/20.1.2022 | 18678 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 18678 |
| K.S.E.B | 149/22 സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | 22101269/6.11.21 | 500000 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി. | 0 |
| K.S.E.B | കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി | 4518412/30.03.22 | 214961 | ലഭ്യമല്ല | ലഭ്യമല്ല | 214961 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി | ജി.ഒ.(എം.എസ്)നം. 227/LSGD തിയതി 18.08.18 | 0 | 4693268 | 542667 | 0 | 4150601 |

വാർഷിക കണക്ക് പ്രകാരം തിരിച്ചടവ് തുക 542667 ആണ്. എന്നാൽ ചെലവ് പത്രിക പ്രകാരം 271333 രൂപയാണ്. വായ്പാ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 100471 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | 1-14(1) | 6841 | കോൺട്രാക്ടർ ശ്രീ.ആനന്ദ ഘോഷ് | 121020103223/2.12.21 |
| | 1-14(2) | 4916 | കോൺട്രാക്ടർ ശ്രീ അഹമ്മദ് ഷാഫി | 121020103292/6.12.21 |
| | | 10899 | കരാറുകാരൻ ശ്രീ. ഷംസുദ്ദീൻ പിലാക്കോളിൽ | 121020103389/13.12.21 |
| | 1-14(3) | 4913 | കോൺട്രാക്ടർ ശ്രീ മുജീബ് റഹ്മാൻ | 121020103338/8.12.21 |
| | 1-14(4) | 5000 | കോൺട്രാക്ടർ ശ്രീ. മുജീബ് റഹ്മാൻ | 121020103339/8.12.21 |
| | 1-14(5) | 2002 | കോൺട്രാക്ടർ ശ്രീ.ആനന്ദ ഘോഷ് | 121020103222/2.12.21 |
| | | 1339 | കോൺട്രാക്ടർ ശ്രീ.എം.മുഹമ്മദ് | 121020103234/3.12.21 |
| 2020-21 | 1-14(1) | 11619 | ശ്രീമതി അംബിക( എച്ച്.എം, മഞ്ചേരി GLPസ്കൂൾ) | 121020103337/8.12.21 |
| | 1-14(2) | 3255 | കോൺട്രാക്ടർ ശ്രീ.സി.പി.മുസ്തഫ | 121020103320/8.12.21 |
| | | 3935 | കോൺട്രാക്ടർ ശ്രീ.മനോമോഹനൻ | 121020103336/8.12.21 |
| | 1-14(3) | 5513 | ശ്രീ. മുജീബ് റഹ്മാൻ, കോൺട്രാക്ടർ | 121020103340/8.12.21 |
| | 1-18 | 32540 | അസിസ്റ്റന്റ് എഞ്ചിനീയർ തൊഴിലുറപ്പ് പദ്ധതി (മുഹമ്മദ് ബഷീർ) | 121020103417/14.12.21 |
| | 1-18 | 4239 | അസിസ്റ്റന്റ് എഞ്ചിനീയർ തൊഴിലുറപ്പ് പദ്ധതി (ആനന്ദ്ഘോഷ് ) | 121020103418/14.12.21 |
| | 1-12 | 2500 | മാനേജർ, പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്രം | 1201020108620/30.03.22 |
| | 1-27 | 960 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12010203420/14.12.21 |
| ആകെ | | 100471 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1999-2000 | 2(20),2(46) | 2006-07 | 2(20)-KSHR Deposit- ഭവന പദ്ധതി<br>2(46)-വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 2014-15 | 2(1),2(2).2(3).2(4),2(5) | 2016-17 | |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2004-05 | 3-16<br>3-23(2) | PK.ഖാലിദ് സെക്രട്ടറി | LF10419/ Spl.cell/SC /D1/12 /20.9.14 | 3209(3-16)<br>51134(3-23(2) | 54343 | OP No.24/2015 Dt.29.1.18 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120458560 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116392134 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 187386 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1413820 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 99730 | Rs.49865 ശ്രീ.സരീഷ് കുമാർ,അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs.49865 ശ്രീ.മനോജ്കുമാർ എം.എസ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 75000 | ശ്രീ. വിനോദ്. എസ്.ആർ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 12656 | Rs.6328 ശ്രീമതി റീജ.കെ.പി, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs.6328 ശ്രീ.മനോജ്കുമാർ എം.എസ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 187386 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 214961 | ശ്രീമതി. റീജ.കെ.പി അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 27229 | ശ്രീ. വിനോദ്.എസ്.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 388880 | ഡോ:ഫൈസൽ യൂസഫ്, വെറ്ററിനറി സർജൻ |
| 1-28 | 149250 | ശ്രീമതി.ശ്രീലത.എം.എസ്, സെക്രട്ടറി |
| 1-29 | 555000 | ഡോ:ഫൈസൽ യൂസഫ്, വെറ്ററിനറി സർജൻ |
| 1-37 | 36000 | ശ്രീ.കെ.എസ്.അജിത് കുമാർ, സെക്രട്ടറി |
| 1-38 | 42500 | ശ്രീ.കെ.എസ്.അജിത് കുമാർ, സെക്രട്ടറി |
| ആകെ | 1413820 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സരീഷ് കുമാർ.പി.എസ്. | ലഭ്യമല്ല | പള്ളിവളപ്പിൽ ഹൗസ്, അനുഗ്രഹ നഗർ, വെസ്റ്റ് വെള്ളാനിക്കര, മാടക്കത്തറ (പി.ഒ), തൃശ്ശൂർ- 680651 |
| ശ്രീമതി. റീജ.കെ.പി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | മേലേ മണക്കാട്ടിൽ ഹൗസ്, കൊളത്തൂർ. പി.ഒ. മലപ്പുറം - 679338 |
| ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | അശ്വതി, ടി.സി 6/1544(6), അയിത്താടി റോഡ്, പ്രശാന്ത് നഗർ, ഉള്ളൂർ, തിരുവനന്തപുരം -695011 |
| ശ്രീ. വിനോദ്. എസ്.ആർ. അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | ശ്രുതി, കൃഷ്ണനഗർ, ബി-1 ഉള്ളൂർ, തിരുവനന്തപുരം -695004 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽ.എഫ്.എം.7/54/80/ തിയ്യതി 21.10.92 | 9 |

| | | |
|---|---|---|
| 1985-86 | എൽ.എഫ്.എം.7/1513/90/ തിയ്യതി 21.10.92 | 7 |
| 1988-91 | എൽ.എഫ്.എം.7/866/94/ തിയ്യതി 15.10.94 | 20 |
| 1991-94 | എൽ.എഫ്.എം.7/1456/95/ തിയ്യതി 21.04.95 | 30 |
| 1994-97 | എൽ.എഫ്.എം.8/32/98/ തിയ്യതി 06.04.99 | 04 |
| 1999-00(ചെലവ്) | എൽ.എഫ്.എം.12/ 858/ 05 തീയതി 31.01.2006 | 57 |
| 1999-00 (വരവ്) | എൽ.എഫ്.എം.9/ 2146/ 07 08.05.2008 | 3 |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |
| 2001-02(ചെലവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02(ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03(ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.13(17)/493/ 10 27.01.2012 | 17 |
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |
| 2007-08, 2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 15.09.2012 | 04 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 12 |
| 2011-12, 2012-13 | എൽ.എഫ്.എം13/1201/15/16.12.15 | 09 |
| 2013-14, 2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626/2013/13-12-16 | 10 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.13/3026 /2016/13-12-16 | 22 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.13/2033/2017/6.11.17 | 19 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.13/2632/2018/28.1.19 | 2 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം;13/203/2020 തിയ്യതി 27.11.20 | 9 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.13/2165/2021 തിയ്യതി-4.2.2022 | 10 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.13/2166/2021 തിയ്യതി- 4.2.2022 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്